ഹാന്റെക്സിനും സർക്കാർ നൽകിയിട്ടുള്ള വായ്പകൾ ഓഹരിയായി മാറ്റണമെന്ന ആവശ്യം പ്രസ്തുത സ്ഥാപനങ്ങൾക്ക് ഇത്തരം ഓഹരി പങ്കാളിത്തത്തിനുള്ള അർഹതയും സർക്കാരിന്റെ സാമ്പത്തികസ്ഥിതിയും പരിശോധിച്ച് കൈക്കൊള്ളേണ്ട നടപടികളാണ്. അതു പരിശോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. സർക്കാർ വകുപ്പുകൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും ആവശ്യമായ തുണിത്തരങ്ങൾ സംസ്ഥാനത്തെ കൈത്തറി സഹകരണ സംഘങ്ങളിൽ നിന്നും വാങ്ങുന്നതിന് ഇപ്പോൾത്തന്നെ സർക്കാരുത്തരവുകൾ നിലവിലുണ്ട്. ടെന്റർ വ്യവസ്ഥകൾ പാലിക്കാതെ തന്നെ തുണിത്തരങ്ങൾ വാങ്ങാമെന്ന് ഈ ഉത്തരവ് അനുമതി നൽകുന്നുണ്ട്. കമ്പ്യൂട്ടർ ഡിസൈനിംഗ് വരികയാണ്. രണ്ടാഴ്ചയ്ക്കകം അതു നടപ്പിലാക്കുന്നതാണ്. അതിനുള്ള നടപടികൾ പൂർണ്ണമായും നടന്നുവരികയാണ്.

(8) വയനാട് ജില്ലയിൽ റവന്യൂ ഭൂമി കൈവശം വച്ചവർക്ക് പട്ടയം നൽകണമെന്ന ആവശ്യം

[12 Noon] ശ്രീ. വർഗ്ഗീസ് വൈദ്യർ : സർ, വയനാട് ജില്ലയിൽ ആയിരക്കണക്കിന് ആളുകൾക്ക് റവന്യൂ ഭൂമിയിൽ പട്ടയം കിട്ടാനുണ്ട്. ഇത് നാലഞ്ചു കൊല്ലം മുൻപേ ഇവിടെത്തന്നെ പറഞ്ഞിട്ടുള്ള കാര്യമാണ്. അമ്പലവയൽ ഡെപ്യൂട്ടി തഹസീൽദാരെ അവിടെനിന്നും ഒഴിവാക്കിയശേഷം സുൽത്താൻബത്തേരി തഹസീൽദാർക്ക് അതിന്റെ അധികാരം ഇതുവരെ കിട്ടിയിട്ടില്ല, അതുകൊണ്ട് പട്ടയം കിട്ടുന്നില്ല. 1964 മുതൽ റവന്യൂ ഭൂമിക്ക് നികുതി വാങ്ങിക്കൊണ്ടിരുന്നു. അതിനുശേഷം ഇപ്പോൾ റവന്യൂ ഭൂമിക്ക് നികുതിയും വാങ്ങുന്നില്ല. അതിൽ നിൽക്കുന്ന മരങ്ങളെല്ലാം കൃഷിക്കാർ നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ആ മരങ്ങൾ വിൽക്കാൻ സാധിക്കാതെ തേക്ക്, ഈട്ടി എന്നീ മരങ്ങൾ നശിച്ചുകൊണ്ടിരിക്കുകയാണ്. അമ്പലവയൽ ഭൂമി ഒരു എക്സ്സർവീസ്മാന്റെ കൈയിലായിരുന്നു. ആയിരക്കണക്കിന് ഏക്കർ ഭൂമിയിൽ വെട്ടിയ മരങ്ങൾ കിടന്ന് നശിക്കുകയാണ്. അതൊക്കെ എടുത്തുകൊണ്ട് പോകാനുള്ള നടപടികളും എടുത്തിട്ടില്ല. ഏതാണ്ട് ആയിരക്കണക്കിന് ആളുകൾക്ക് പട്ടയം കൊടുക്കാനുണ്ട്. നികുതി വാങ്ങുന്നുണ്ട്. ഇതിനുപുറമേ പത്തു സെന്റോ അതിൽതാഴെയോ ഭൂമിയുള്ള ആളുകൾക്ക് ജനകീയാസൂത്രണത്തിന്റെ ഭാഗമായി കിട്ടേണ്ട ആനുകൂല്യങ്ങളൊന്നും കിട്ടുന്നില്ല. അതുകൊണ്ട് ഈ ഭൂമികൾക്ക് അടിയന്തിരമായി പട്ടയം കൊടുക്കണം. അതിനുവേണ്ടിയുള്ള പ്രത്യേക ഡിപ്പാർട്ടുമെന്റിൽനിന്ന് (റവന്യൂ ഡിപ്പാർട്ടുമെന്റിൽ നിന്ന്) ആളെ നിയമിച്ചാൽ മാത്രമേ അവർക്ക് പട്ടയം കൊടുക്കാൻ സാധിക്കുകയുള്ളൂ. അതിനാവശ്യമായ ഉദ്യോഗസ്ഥൻമാരെ അടിയന്തിരമായി നിയമിച്ചു പട്ടയം കൊടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : സർ, വയനാട് ജില്ലയിൽ ഭൂമി കൈവശംവച്ചവർക്ക് പട്ടയം നൽകുന്നതിനുള്ള നടപടി നടന്നുവരുന്നുണ്ട്. സാധാരണഗതിയിൽ തടസ്സങ്ങളില്ലാതെ കൊടുക്കാൻ കഴിയുന്ന സ്ഥലങ്ങളിലാണ് ഇപ്പോൾ പട്ടയം നൽകുന്നത്. വനഭൂമിയാണോയെന്ന് തർക്കമുള്ള പ്രദേശങ്ങളിൽ സംയുക്ത സർവേ നടത്തി അതിന്റെയടിസ്ഥാനത്തിൽ പരിശോധനകൾക്ക് വിധേയമായി കൊടുക്കാൻ കഴിയുന്നതാണോ എന്നുപരിശോധിച്ചതിനുശേഷമേ പട്ടയം കൊടുക്കാൻ പറ്റുകയുള്ളൂ. അതിന് കുറച്ച് സമയവും സാവകാശവും വേണ്ടിവരും. റീസർവേ നടത്തിയതിനുശേഷം കുറെയേറെ സ്ഥലങ്ങളിൽ പട്ടയം അനുവദിച്ചു. ഇപ്പോൾ അനുവദിച്ച

LIBRARY ARCHIVES Kerala Legislative Assembly

സ്ഥലങ്ങൾ മറ്റുചില ഉടമസ്ഥൻമാരുടേതാണെന്ന് കാണാൻ ഇടയായി. അങ്ങനെ ചില പ്രദേശങ്ങളിൽ കുറച്ച് തടസ്സങ്ങളുണ്ടായിട്ടുണ്ട്. അത്തരം പ്രദേശങ്ങൾ മുഴുവൻ ഒന്നിച്ചെടുത്ത് അതിനൊരു പരിഹാരമുണ്ടാക്കാൻ ശ്രമിക്കുകയാണ്. കഴിഞ്ഞയാഴ്ച ഞാൻ വയനാട് പോയിരുന്നു. അവിടെ കുറെയേറെ പേർക്ക് പട്ടയം കൊടുക്കാൻ കഴിഞ്ഞു. ബാക്കി അവശേഷിക്കുന്ന കേസ്സുകളിലും തടസ്സങ്ങളൊഴിവാക്കി പട്ടയം കൊടുക്കാൻ ശ്രമിക്കുന്നതാണ്. അമ്പലമുകൾ ഡെപ്യൂട്ടി ക്ളക്ടറുടെ തസ്തിക നിർത്തൽ ചെയ്തതിനു ശേഷം സുൽത്താൻബത്തേരി തഹസീൽദാർക്ക് അധികാരം നൽകി ആ ജോലി തുടരുന്നതിനുവേണ്ടിയുള്ള ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്. ബഹു.എം. എൽ.എ. സൂചിപ്പിച്ചതുപോലെതന്നെ ആ പ്രദേശങ്ങളിലെ ദീർഘകാലമായി പരിഹരിക്കാത്ത പ്രശ്നങ്ങൾക്ക് ബന്ധപ്പെട്ടവരെ വിളിച്ചുകൂട്ടി, ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥൻമാരേയും കക്ഷികളേയും വിളിച്ചുകൂട്ടി കഴിയുന്നതും വേഗം പരിഹാരമുണ്ടാക്കുന്നതാണ്.

(9) അഭിഭാഷകരോട് തിരുവനന്തപുരം സബ്ഡിവിഷണൽ മജിസ്ട്രേട്ട് അപമര്യാദയായി പെരുമാറിയ സംഭവം

ശ്രീ. ആന്റണി രാജു : സർ, തിരുവനന്തപുരം സബ്ഡിവിഷണൽ മജിസ്ട്രേട്ട് കോടതിയുടെ പ്രവർത്തനം കഴിഞ്ഞ ഒരാഴ്ചയായി സ്തംഭിച്ചിരിക്കുകയാണ്. ഹൈക്കോടതിയുടെ സർക്കുലറും കീഴ്വഴക്കങ്ങളും നടപടിക്രമങ്ങളുമെല്ലാം ലംഘിച്ചുകൊണ്ട് പതിവിനു വിപരീതമായി 13-12-2000-ൽ തിരുവനന്തപുരം ആർ.ഡി.ഒ. കൂടിയായ സബ് ഡിവിണൽ മജിസ്ട്രേട്ടിന് റോൾകോൾ പോലും നടത്താതെ സബ്ഡിവിഷണൽ മജിസ്ട്രേട്ടിന് ഇഷ്ടമുള്ള കേസ്സുകൾ മാത്രം തെരഞ്ഞെടുത്ത് പ്രവർത്തനമാരംഭിച്ചതാണ് പ്രശ്നങ്ങൾക്കിടയാക്കിയത്. അവിടെ സന്നിഹിതരായിരുന്ന തിരുവനന്തപുരം ബാറിലെ സീനിയർ അഭിഭാഷകരുൾപ്പെടെയുള്ളവർ നടപടിക്രമത്തിലെ അപാകതകൾ ചൂണ്ടിക്കാണിച്ചിട്ട് തെറ്റുകൾ തിരുത്താൻ തയ്യാറാകാതെ ക്ഷുഭിതനായ ആർ.ഡി.ഒ. all of you go out എന്നു പരസ്യമായി ആക്ഷേപിക്കുകയും അവിടെ പ്രക്ഷുബ്ധമായ അന്തരീക്ഷമുണ്ടാക്കുകയും ചെയ്തു. കോടതികളെ സഹായിക്കാൻ ബാദ്ധ്യസ്ഥരായ, ഉത്തരവാദിത്വമുള്ളവരെ അപമാനിക്കുകയും നടപടിക്രമങ്ങൾ ലംഘിക്കുകയും ചെയ്ത ആർ.ഡി.ഒ.യുടെ നടപടി ശക്തമായ പ്രതിഷേധത്തിനിടയാക്കിയിരിക്കുകയാണ്. കഴിഞ്ഞ ഒരാഴ്ചയായി സബ് ഡിവിഷണൽ മജിസ്ട്രേട്ട് കോടതി പ്രവർത്തിക്കുന്നില്ല. ഇതുപോലൊരു സംഭവം ആലപ്പുഴയിലും ഉണ്ടായിരിക്കുകയാണ്. ഇത് ഇപ്പോൾ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. കേസ്സുകൾ നടക്കാത്തതുമൂലം കക്ഷികൾ കഷ്ടപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷമാണുള്ളത്. ഈ സംഭവത്തെക്കുറിച്ച് തിരുവനന്തപുരം ബാർ അസോസിയേഷൻ പ്രസിഡന്റ് അഡ്വക്കേറ്റ് വെള്ളറട വിശ്വനാഥന്റെ നേതൃത്വത്തിൽ ബഹു.റവന്യൂ വകുപ്പുമന്ത്രിക്ക് കഴിഞ്ഞയാഴ്ച ഒരു നിവേദനവും കൊടുത്തിരുന്നു. അതുകൊണ്ട് കുറ്റക്കാരിയായ ആർ.ഡി.ഒ.യെ മാറ്റി നിർത്തി അന്വേഷണം നടത്തുകയും കോടതിയുടെ പ്രവർത്തനം അടിയന്തിരമായി പുനരാരംഭിക്കാൻ സത്വര നടപടി സ്വീകരിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി ശ്രീ. കെ.ഇ. ഇസ്മയിൽ : സർ, ഇതൊരു സങ്കീർണ്ണമായ പ്രശ്നമാണ്. തിരുവനന്തപുരം സബ്ഡിവിഷണൽ മജിസ്ട്രേട്ട് കോടതിയെ സംബന്ധിച്ച പ്രശ്നമാണ്. സബ്ഡിവിണൽ മജിസ്ട്രേട്ട് കോടതി സാധാരണ ബുധനാഴ്ചയാണ് സിറ്റിംഗ് നടത്താറുള്ളത്. 13.12.2000 ത്തിൽ

LIBRARY ARCHIVES Kerala Legislative Assembly